# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2144 | 01.02.2018 — ൽ മറുപടിക്ക്

## ബി.പി.എൽ./എ.പി.എൽ. മുൻഗണനാ പട്ടികയിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ബി.പി.എൽ./എ.പി.എൽ. മുൻഗണനാ പട്ടികയിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ/എ.പി.എൽ പട്ടികയ്ക്ക് പകരമായി മുൻഗണന/മുൻഗണനേതര പട്ടികകളാണ് ഉള്ളത്. അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻകടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാല് ചക്ര വാഹനമുള്ളവരുടെ പട്ടിക മോട്ടോർ വാഹന വകുപ്പ് നൽകിയതുമായി പരിശോധിച്ച് മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പ് നൽകിയിട്ടുള്ള പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടി തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ബി.പി.എൽ. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് ആലത്തൂർ താലൂക്കിലെ പരാതിക്കാരുടെ എണ്ണം എത്രയാണ്; | (ബി) | ഉണ്ട്. ആലത്തൂർ താലൂക്കിൽ 10072 പേർ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ട്. |
| (സി) | പരാതി പരിഹരിക്കുന്നതിന് ആലത്തൂർ താലൂക്ക് വികസന സമിതിയുടെ നിർദ്ദേശപ്രകാരം അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് അറിയിക്കാമോ? | (സി) | എല്ലാ പരാതികളും റേഷൻകട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ